"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്- കൊല്ലം/വിഴിഞ്ഞം തുറമുഖങ്ങൾക്ക് DG Communication Centre രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിനുള്ള ഭരണാനുമതി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.169/2025/F&P　തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:-
1. 03.02.2025 തീയതിയിലെ സ.ഉ.(സാധാ)നം.97/2025/മതുവ
2. കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19/02/2025 ലെ HOKMB-TVM/884/2024-C2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം/വിഴിഞ്ഞം തുറമുഖങ്ങൾക്ക് 2024-25 വർഷത്തെ പുതുക്കിയ DG Communication Centre വാർഷിക ഫീസ് ഒടുക്കുന്നതിനായി 50,000/- രൂപ വീതം പരാമർശ ഉത്തരവുപ്രകാരം ഭരണാനുമതി അനുവദിച്ചിരുന്നു. കൊല്ലം/വിഴിഞ്ഞം തുറമുഖങ്ങൾക്ക് വാർഷിക ഫീസിനു പുറമെ രജിസ്ട്രേഷൻ ഫീസായി 30,000/- രൂപ വീതം ഒടുക്കേണ്ടതുണ്ടെന്നും ഇതിനായി 30,000/-രൂപ" 5051-02-200-81-തങ്കശ്ശേരി തുറമുഖ വികസനം" എന്ന ശീർഷകത്തിലും 30,000/- രൂപ "5051-02-200-82-വിഴിഞ്ഞം കാർഗോ ഹാർബർ" എന്ന ശീർഷകത്തിലും ഭരണാനുമതിയും ഫണ്ടും അനുവദിക്കണമെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.. കൊല്ലം/വിഴിഞ്ഞം തുറമുഖങ്ങൾക്ക് 2024-25 വർഷത്തെ പുതുക്കിയ DG Communication Centre രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നതിനായി 30,000/- രൂപ വീതം ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. "5051-02-200-81-തങ്കശ്ശേരി തുറമുഖ വികസനം", "5051-02-200-82-വിഴിഞ്ഞം കാർഗോ ഹാർബർ" എന്നീ ശീർഷകങ്ങളിൽ നിന്ന് ഇതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU V K**

അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
Date: 11-03-2025 12:55:53
സെക്ഷൻ ഓഫീസർ